**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2262** **11.03.2020-ൽ മറുപടിക്ക്**

**മലബാർ റിവർ ക്രൂയിസ് പദ്ധതി**

ചോദ്യം
ശ്രീ.എ. എൻ. ഷംസീർ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | എ) | കണ്ണൂർ ജില്ലയിൽ മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകി ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 14 പദ്ധതികളിൽ 3 പദ്ധതികൾ തലശ്ശേരി നിയോജക മണ്ഡലത്തിലാണ്.<br>1. ന്യൂ മാഹി ബോട്ട് ടെർമിനൽ<br>പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ച് വരുന്നു (75%)<br>2. പാത്തിക്കൽ ബോട്ട് ജെട്ടി<br>പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (50%)<br>3. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ<br>പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (62%) |
| ബി) | കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവൃത്തിയിലുണ്ടായ പുരോഗതി വിലയിരുത്താമോ? | ബി) | കണ്ണൂർ ജില്ലയിൽ മലനാട് - മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന 14 പദ്ധതികളുടെ പ്രവൃത്തി പുരോഗതി താഴെ പറയുന്നു<br>1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.<br>2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പൈലിംഗ്, പ്ലാറ്റ് ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചു. ഹാൻഡ് റെയിൽ വർക്കുകൾ പുരോഗമിച്ച് വരുന്നു (78%)<br>3. ധർമ്മടം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (55%)<br>4. ചേരിക്കൽ ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (55%)<br>5. പാറപ്രം ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (55%)<br>6. ചാമ്പാട് (മമ്പറം) ബോട്ട് ജെട്ടി - നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടില്ല. |

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (49%)
8. മോന്താൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ച് വരുന്നു (60%)
9. കരിയാട് ബോട്ട് ടെർമിനൽ - നിർമ്മാണ പ്രവർത്തി ആരംഭിച്ചു
10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവർത്തി പുരോഗമിച്ച് വരുന്നു (75%)
11. പാത്തിക്കൽ ബോട്ട് ജെട്ടി - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (50%)
12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവർത്തി പൂർത്തീകരിച്ചു (62%)
13. പുന്നക്കടവ് ബോട്ട് ജെട്ടി - പൈൽ, പ്ലാറ്റ് ഫോം സ്ലാബ്, പില്ലർ എന്നിവയുടെ കോൺക്രീറ്റ് പൂർത്തീകരിച്ചു. റൂഫ് ബീം കോൺക്രീറ്റ് പ്രവർത്തി പുരോഗമിക്കുന്നു (67%)
14. മുക്കവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ - പൈലിങ്ങിനുള്ള പ്രാരംഭ പ്രവർത്തികൾ പുരോഗമിക്കുന്നു.

- ജെട്ടി/ടെർമിനൽ നിർമ്മാണം പുഴ പുറമ്പോക്കിലാണ് നടത്തുന്നത്. അതിന് ഗ്രാമ പഞ്ചായത്ത്/നഗരസഭ റെസല്യൂഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ ഓഫീസിൽ നിന്നും സ്വീകരിക്കുകയും, ഇപ്പോൾ ഭൂരിഭാഗം തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും റെസല്യൂഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്
- പദ്ധതിയുടെ സ്ഥല ലഭ്യതയ്ക്കുള്ള നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.
- കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയ്ക്കായി കണ്ണൂർ ജില്ലയിൽ 8037.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവർത്തികൾ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡ് (KEL) മാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ ജെട്ടി/ടെർമിനൽ എന്നിവ പഞ്ചായത്ത്/ നഗരസഭ പുഴ പുറമ്പോക്കിലാണ് നിർമ്മിക്കുന്നത്. ഇതിനായി സ്ഥല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചുവരികയാണ്. സ്ഥലം സംബന്ധിച്ച നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകികൊണ്ടുള്ള ഗ്രാമ പഞ്ചായത്ത്

| | | | |
|---|---|---|---|
| | | | പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.<br>• സ്വകാര്യ സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ, സ്ഥലം വ്യക്തികൾ സ്വമേധയാ വിട്ടുതന്ന ശേഷം സർക്കാരിലേക്ക് ചേർക്കുന്നതിനായുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന നടത്തേണ്ടതുണ്ട്. ഇപ്രകാരം consent കിട്ടിയിട്ടുള്ള സ്ഥലങ്ങളുടെ relinquishment process നടന്നുവരികയാണ്. കൂടുതൽ സ്ഥലം/വ്യക്തികൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ സർവേ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ റവന്യൂ/സർവ്വേ വകുപ്പ് മുഖേന നടന്നുവരികയാണ്.<br>• പദ്ധതിയ്ക്ക് ആവശ്യമായ CRZ ക്ലിയറൻസിനു വേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. KSINC യുടെ ഭാഗത്ത് നിന്നും അതിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. EIA പരിശോധന ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. NCSCM മാപ്പിംഗ് നടപടികളാണ് അടുത്തതായി ചെയ്യാനുള്ളത് |

സെക്ഷൻ ഓഫീസർ